# ഉൾക്കാഴ്ച:
# വേണ്ടുന്ന കാഴ്ചകൾ വലുതാക്കാൻ ഒരു ദൃശ്യപരീക്ഷണം

കാഴ്ചയെ ഉൾക്കാഴ്ചയാക്കുന്ന ഒന്നിന്റെ അഭാവം നമ്മുടെ ദൃശ്യസംസ്കാരത്തെ വലുതായി ബാധിച്ചിരിക്കുന്നു. നീളവും വീതിയും മാത്രം കാണിച്ചുതരുന്ന പെരുപ്പത്തിന്റേതായ ഒരു കോയ്മയാണ് ഇന്നു നമ്മുടെ കാഴ്ചകളെ വിശദീകരിക്കുന്നത്. ഇന്നത്തെ സാംസ്കാരികാന്തരീക്ഷത്തിൽ, പിറന്നുവീഴുമ്പോൾതന്നെ അതിയാഥാസ്ഥിതികമായ മൂല്യങ്ങൾ നമ്മുടെ കാഴ്ചയിൽ അതിന്റെ പ്രതിഷ്ഠകൾ സ്ഥാപിച്ചിരിക്കുന്നു. അതോടൊപ്പം നമ്മെ പുഴുന്ന ദൃശ്യസംസ്കാര മേഖലകളാകട്ടെ, നമ്മുടെ കാഴ്ചയിൽ അവരവരുടെ കോളനികൾ പതിച്ചെടുത്തിരിക്കുന്നു. അങ്ങനെ നമ്മുടെ ലോകബോധം ടിവിയാൽ ഉദ്ബോധിപ്പിക്കപ്പെടുന്നതോ, പുസ്തകങ്ങളാൽ വിപുലീകരിക്കപ്പെടുന്നതോ, സിനിമകളാൽ നടപ്പിലാക്കപ്പെടുന്നതോ, ആയി മാറിയിരിക്കുന്നു. അങ്ങനെ എപ്പോഴും മാറ്റിവയ്ക്കാവുന്ന, എന്നന്നേക്കുമായി വൈകിക്കാവുന്ന ഒരു തീരുമാനത്തിന്റെ പേരുമാത്രമായി നാം ചുരുങ്ങിപ്പോയിരിക്കുന്നു. നമുക്ക് അറിവുകളുണ്ട്, ആത്മവിശ്വാസമില്ല. നാം കാണുന്നുണ്ട്, പക്ഷേ നാം ഇക്കിളിയെ അപഗ്രഥിക്കുന്നില്ല. ഇതുപോര. ഈ പഴയ കണ്ണുകളെ തുരന്നെറിയണം. പകരം യാഥാർഥ്യത്തിന്റേതായ പുത്തൻ കണ്ണുധരിക്കണം. ആശയരൂപത്തിന്റെ കണ്ണ്, സമാന്തരബോധത്തിന്റെ കണ്ണ്, സമകാലികത്വത്തിന്റെ കണ്ണ്.

കേരളത്തിന്റേതായ ഒരു ദൃശ്യസംസ്കാര രൂപീകരണത്തിനുവേണ്ടി ഒരുപാട് കഠിനശ്രമങ്ങളുണ്ടായിട്ടുണ്ട്. ഇന്നുമുണ്ടായികൊണ്ടിരിക്കുന്നുണ്ട്. അക്കൂട്ടത്തിൽപ്പെടുത്താവുന്ന ഒരു എളിയശ്രമമാണ് മാനവിക പഠനകേന്ദ്രത്തിന്റെ ദൃശ്യവിഭാഗമായ ഉൾക്കാഴ്ച.

കാണിക്കലിന്റെ തന്ത്രങ്ങളിലും ക്യാമറയുടെ ഉപായങ്ങളിലും നന്നായി അകപ്പെട്ട ഒരു ചലച്ചിത്ര ജനതയുടെ കാഴ്ചയും ബോധവും വീണ്ടെടുക്കുവാനുള്ള ചെറിയ ദൃശ്യപരീക്ഷണങ്ങളിൽ ഒന്നു മാത്രമാണ് ഉൾക്കാഴ്ച. ഇതിനുവേണ്ടി അനേകങ്ങളും വിവിധങ്ങളുമായ സാധ്യമായത്ര അനുഭവമുൻകൈയുകളിൽ ശ്രദ്ധവെക്കുവാനാണ് ആലോചന. പണസമാഹരണത്തിന്റെ തലംമുതൽ പിൻതുടരാനുദ്ദേശിക്കുന്ന വിശാല ജനാധിപത്യസ്വഭാവം പ്ലോട്ടുകളുടെ തെരഞ്ഞെടുപ്പുകളിലും ഉപയോഗപ്പെടുത്തി മുന്നോട്ടുപോകുവാനാണ് ഉദ്ദേശിക്കുന്നത്.

മലയാളത്തിൽ നിലനിന്നുപോരുന്ന പുറംതള്ളലിന്റെ ചലച്ചിത്ര നിർമിതിയിൽ ഉൾചേർക്കപ്പെടാതെ പോകുന്ന 'മറ്റു' കാഴ്ചകൾക്കാണ് നിശ്ചയമായും മുൻഗണന. 'മറ്റുള്ളവരുടെ' സ്ത്രീകൾ, കുട്ടികൾ, അടിസ്ഥാന വർഗക്കാർ, ജീവിതാനുഭവങ്ങൾ, ജ്ഞാനനിർമിതികൾ, നിലപാടുകൾ, വേറിട്ടസമരങ്ങൾ എന്നിവ പരമാവധി ധാരണാതെളിച്ചത്തോടെ (conceptual clarity) ഉൾപ്പെടുത്തുവാനുദ്ദേശിച്ചുകൊണ്ടുള്ള മുഴുവൻ ശ്രമങ്ങളും തികച്ചും പക്ഷപാതിത്വപരമായിരിക്കുവാനും ശ്രദ്ധിക്കും. പരിസ്ഥിതി അവബോധം, സാമൂഹ്യനീതി ബഹുത്വത്തിന്റെ രാഷ്ട്രീയം എന്നിവ ഉപയോഗപ്പെടുത്തുന്ന പ്രതിദൃശ്യങ്ങൾ വേണ്ടുന്നവലുപ്പത്തോടെ കാണിക്കുന്നതിനോടും കാണുന്നതിനോടുമായിരിക്കും ബാധ്യത.

ടൂർതിയറ്റർ, വർക്കുഷോപ്പുകൾ, ചലചിത്രസംരംഭങ്ങൾ, എന്നിവയടങ്ങിയ ബൃഹത്തായ ഒരു മേഖലയാണ് പ്രവർത്തനപരിധിയായ് ഞങ്ങൾ കാണുന്നത്, അതിനായ് വീഡിയോ പ്രൊജക്ടർ, ക്യാമറ തുടങ്ങിയ ആവശ്യഘടകങ്ങളുടെ സംഭരണത്തിനായുള്ള പരിശ്രമത്തിലാണ് ഉൾക്കാഴ്ച. അതിലേക്ക് നിങ്ങൾക്കും എന്തെങ്കിലും ചെയ്യാനാകും. അങ്ങിനെയുള്ള ചെയ്തിയിലൂടെ മൂലധനത്തിന്റേതായ കുത്തക സ്വഭാവത്തെ ചെറുക്കുന്ന ഒരു ജനകീയ കൂട്ടായ്മ നിങ്ങളിലൂടെ രൂപപ്പെടുകയാണ്.

**'ഉൾക്കാഴ്ച', മാനവിക പഠനകേന്ദ്രം, മതിലകം, തൃശൂർ–680685. ഫോൺ: 0488–800913**